**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 327** **27-06-2022 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ അഗതി രഹിത കേരളം പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ജോബ് മൈക്കിൾ</td><td colspan="2">ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നും അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കുടുംബങ്ങളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;</td><td>(എ)</td><td>ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി, കുറിച്ചി, മാടപ്പള്ളി, പായിപ്പാട്, തൃക്കോതമംഗലം, വാഴപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളാണ് ഉൾപ്പെട്ടിട്ടുള്ളത്. ടി തദ്ദേശ സ്ഥാപനങ്ങളിലെ അഗതി രഹിത ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നം.</th><th>തദ്ദേശ സ്ഥാപനത്തിന്റെ പേര്</th><th>ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം</th></tr>
<tr><td>1</td><td>ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി</td><td>199</td></tr>
<tr><td>2</td><td>കുറിച്ചി</td><td>139</td></tr>
<tr><td>3</td><td>മാടപ്പള്ളി</td><td>152</td></tr>
<tr><td>4</td><td>പായിപ്പാട്</td><td>145</td></tr>
<tr><td>5</td><td>തൃക്കോതമംഗലം</td><td>112</td></tr>
<tr><td>6</td><td>വാഴപ്പള്ളി</td><td>145</td></tr>
<tr><td></td><td></td><td>892</td></tr>
</table></td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതിയിലേക്ക് ഗുണഭോക്തൃ കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;</td><td>(ബി)</td><td>ഗുണഭോക്താക്കളെ കണ്ടെത്തൽ<br><br>അഗതിരഹിത കേരളം പദ്ധതി ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് പൂർണ്ണമായും ചുവടെ ചേർത്തിരിക്കുന്ന ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. 9 ക്ലേശ ഘടകങ്ങളാണുള്ളത്. ഇവയിൽ 7 ക്ലേശ ഘടകങ്ങൾ ബാധകമാകുന്ന കുടുംബത്തെ മാത്രമേ പരിഗണിക്കൂ. എന്നാൽ ഈ കുടുംബത്തെ അഗതി കുടുംബങ്ങളായി പരിഗണിക്കണമെങ്കിൽ പ്രത്യേക ക്ലേശ ഘടകങ്ങളിൽ ഒരെണ്ണമെങ്കിലും കൂടി ബാധകമാകേണ്ടതുണ്ട്.<br><br>കുടുംബത്തിന് ബാധകമായ ക്ലേശ ഘടകങ്ങൾ<br><br>
<table>
<tr><th>ക്രമ നം.</th><th>ഗ്രാമപ്രദേശങ്ങൾ</th><th>നഗരപ്രദേശങ്ങൾ</th></tr>
<tr><td>1</td><td>ഭൂരഹിതർ/10 സെന്റിൽ</td><td>ഭൂരഹിതർ/5 സെന്റിൽ</td></tr>
</table></td></tr>
</table>

| | | |
|---|---|---|
| | താഴെ ഭൂമി ഉള്ളവർ | താഴെ ഭൂമി ഉള്ളവർ |
| 2 | ഭവനരഹിതർ/ജീർണ്ണിച്ച വീട്ടിൽ<br><br>താമസിക്കുന്നവർ | ഭവനരഹിതർ/ജീർണ്ണിച്ച വീട്ടിൽ<br><br>താമസിക്കുന്നവർ |
| 3 | 150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല | 150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല |
| 4 | ശുചിത്വ കക്കൂസ് ഇല്ല | ശുചിത്വ കക്കൂസ് ഇല്ല |
| 5 | ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം) | ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം) |
| 6 | വനിത കുടുംബനാഥയായുള്ള കുടുംബം | വനിത കുടുംബനാഥയായുള്ള കുടുംബം |
| 7 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ<br><br>പിടിപെട്ടവരോ ഉള്ള കുടുംബം | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ<br><br>പിടിപെട്ടവരോ ഉള്ള കുടുംബം |
| 8 | പട്ടികജാതി/പട്ടികവർഗ്ഗ<br><br>/മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ച കുടുംബം | പട്ടികജാതി/പട്ടികവർഗ്ഗ<br><br>/മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ച കുടുംബം |
| 9 | പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം | പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം |

**കുടുംബത്തിന് ബാധകമായ അധിക ക്ലേശ ഘടകങ്ങൾ**

**എ) ഗ്രാമപ്രദേശങ്ങൾ**

1)ഭവന നിർമ്മാണത്തിന് ഭൂമി ഇല്ലാത്തവർ (പുറംമ്പോക്ക് ഭൂമി, വന ഭൂമി, കനാലുകളുടെയും പാടശേഖരങ്ങളുടെയും പുറംബണ്ടുകൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർ)

2)രാത്രികാലം പൊതുസ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ

3)അവിവാഹിതയായ അമ്മ/അമ്മയും കുഞ്ഞുംമാത്രം/ഭർത്താവ് ഉപേക്ഷിച്ചതും ദുരിതം അനുഭവിക്കുന്നവരുമായ വനിതകൾ

4)സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകൾ ആകേണ്ടി വന്നവർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ

| | | | |
|---|---|---|---|
| | | | 5)തീരാവ്യാധികൾ/ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത അസുഖങ്ങൾ പിടിപെട്ടവരും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരും<br><br>6)കുടുംബത്തിൽ ഭക്ഷണത്തിന് വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിന് താഴെ പ്രായം ഉള്ള ആരും തന്നെ ഇല്ലാത്ത കുടുംബം<br><br>7)ഭിക്ഷാടനം നടത്തി നിത്യവൃത്തി കഴിക്കുന്നവർ<br><br>8)അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ<br><br>**ബി) നഗരപ്രദേശങ്ങൾ**<br><br>1)രാത്രികാലം പൊതുസ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ<br><br>2)സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകൾ ആകേണ്ടി വന്നവർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ<br><br>3)ഭിക്ഷാടനം നടത്തി നിത്യവൃത്തി കഴിക്കുന്നവർ<br><br>4)കുടുംബത്തിൽ ഭക്ഷണത്തിന് വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിന് താഴെ പ്രായം ഉള്ള ആരും തന്നെ ഇല്ലാത്ത കുടുംബം<br><br>5)അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ<br><br>6)തെരുവ് കുട്ടികൾ, ദുർഗുണ പരിഹാര പാഠശാല (Juvenile Home), അഗതി മന്ദിരം (Poor home) എന്നിവിടങ്ങളിൽ കഴിയുന്ന കുട്ടികൾ ഉള്ള കുടുംബങ്ങൾ<br><br>7)കുടുംബം പോറ്റുന്നതിന് തൊഴിൽ ചെയ്യാൻ നിർബന്ധിതരായ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ ഉള്ള കുടുംബം<br><br>8)ലൈംഗിക തൊഴിലാളികൾ (Commercial sex workers) ഉള്ള കുടുംബം<br><br>9)അബല മന്ദിരത്തിൽ താമസിക്കുന്ന വനിത അംഗമായുള്ള കുടുംബം<br><br>10)ചേരി പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബം |
| (സി) | പദ്ധതിയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | ഭക്ഷണം, ആരോഗ്യം, വസ്ത്രം, പെൻഷൻ, വിദ്യാഭ്യാസം, കിടപ്പാടം-ഭൂമി, വീട്, കുടിവെള്ളം, ശുചിത്വസംവിധാനം, വികസന ആവശ്യങ്ങൾ, തൊഴിൽ പരിശീലനം, മാനസിക ആവശ്യങ്ങൾ, എന്നീ സേവനങ്ങളാണ് അഗതി രഹിത കേരളം പദ്ധതിയിലൂടെ നല്കിവരുന്നത്. |

സെക്ഷൻ ഓഫീസർ